**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | മങ്കട നിയോജക മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ; | (എ) | പ്രസ്തുത നിയോജകമണ്ഡലത്തിൽ 448 ഭൂരഹിതരും 428 ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷം 18 കുടുംബങ്ങൾക്കും, 2017-18ൽ 17 കുടുംബങ്ങൾക്കും 2018-19 സാമ്പത്തിക വർഷത്തിൽ 17 കുടുംബങ്ങൾക്കും 2019-20 വർഷത്തിൽ 6 കുടുംബങ്ങൾക്കും 2020-21 വർഷത്തിൽ 2 കുടുംബങ്ങൾക്കും ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 84 കുടുംബങ്ങൾക്കും, 2017-18 സാമ്പത്തിക വർഷത്തിൽ 50 കുടുംബങ്ങൾക്കും വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | നിലവിൽ ഭൂമിയും വീടും അനുവദിക്കുന്നത് ലൈഫ് മിഷൻ മുഖേനയാണ്. ലൈഫ് മിഷൻ ലിസ്റ്റിലെ അർഹതയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമത്തിൽ പട്ടകിജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമിക്കുള്ള ധനസഹായം അനുവദിച്ചു വരുന്നു. ഭവന നിർമ്മാണ പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ